"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - ശ്രീമതി സിന്ധു പി ക്ക് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനാനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.23/2026/LBR തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-
1) 24.05.1999 ലെ സ.ഉ(പി)നം.12/1999/ഉ.ഭ.പ.വ.
2) 15.12.2011 ലെ സ.ഉ(അച്ചടി)നം. 37/2011/ഉ.ഭ.പ.വ.
3) 09.11.2025 ലെ സ.ഉ(അച്ചടി)നം. 15/2025/ഉ.ഭ.പ.വ.
4) 20.09.2025 ലെ സ.ഉ(കൈ)നം. 24/2025/തൊഴിൽ.
5) ശ്രീമതി സിന്ധു പി. 19.01.2026 തീയതിയായി സമർപ്പിച്ച അപേക്ഷ.
6) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 20.02.2026 ലെ ഇ3-3839/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ കണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ആയുർവ്വേദ അറ്റൻഡർ ആയിരിക്കെ മരണമടഞ്ഞ ഷാജി.കെ യുടെ ഭാര്യ ശ്രീമതി സിന്ധു.പി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ശ്രീമതി സിന്ധു.പി സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷ പിൻവലിച്ച് തന്റെ മകൾ കുമാരി ആവണിക്ക് 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് സമർപ്പിക്കുന്ന അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ ശിപാർശ സഹിതം പരാമർശം (6) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്

II തസ്തികയിൽ ലഭിച്ച നിയമനാനുമതി പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (5) പ്രകാരം ശ്രീമതി സിന്ധു പി. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ടിയാൾക്ക് നിയമനാനുമതി നൽകിയ പരാമർശം (4) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.

ശ്രീമതി സിന്ധു പി., തേനംകുടി ഹൗസ്, വെള്ളർവള്ളി, കുനിത്തല, പേരാവൂർ പി.ഒ, കണ്ണൂർ. (രജിസ്റ്റേർഡ് തപാലിൽ).

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്)കേരളം, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് A) വകുപ്പ് (15.05.2026 ലെ RuleA3/165/2026-P&ARD പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Salini S
സെക്ഷൻ ഓഫീസർ
Date: 23-06-2026 10:18:56

പകർപ്പ്:- ബഹു. തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.